പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2711

20.06.2013ൽ മറുപടിയ്ക്ക്

## സ്വകാര്യ സ്വാശ്രയ മേഖലയിൽ പുതിയ കോളേജ് അനുവദിക്കൽ

ചോദ്യം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
" വി.ശിവൻകുട്ടി
" കെ.രാധാകൃഷ്ണൻ
" റ്റി.വി.രാജേഷ്

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ് .
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ സ്വകാര്യ സ്വാശ്രയ മേഖലയിൽ പുതിയ കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ നയം എന്താണ്; വ്യക്തമാക്കുമോ ;

എ കഴിഞ്ഞ അദ്ധ്യായന വർഷം സംസ്ഥാനത്ത് നിരവധി ബി.ടെക് സീറ്റുകൾ ഒഴിഞ്ഞുകിടന്നതിനാൽ 2013-14 അദ്ധ്യയന വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അതിൻപ്രകാരം പുതിയ കോളേജുകൾക്ക് അനുമതി നൽകുന്നത് നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ 09-04-2013 -ലെ ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള മൊറട്ടോറിയം സർക്കാർ പിൻവലിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് എ.ഐ.സി.റ്റി.ഇ.-യുടേയും ബന്ധപ്പെട്ട സർവ്വകലാശാലയുടേയും അനുമതി ലഭിക്കുന്ന കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടാൽ പ്രസ്തുത കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നുണ്ട്.

| | | | |
|---|---|---|---|
| ബി | കഴിഞ്ഞ അദ്ധ്യയന വർഷം സംസ്ഥാനത്ത് സ്വകാര്യ സ്വാശ്രയ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കുകയുണ്ടായോ ; എങ്കിൽ വിശദാംശം നൽകാമോ ; | ബി | 2012-13 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് സ്വകാര്യ സ്വാശ്രയ മേഖലയിൽ 9 എഞ്ചിനീയറിംഗ് കോളേജുകളും 2 ആർക്കിടെക്ച്ചർ കോളേജുകളും ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ കോളേജുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി | ഈ വർഷം ഇത്തരം കോളേജുകൾ തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; അപേക്ഷകളിൽ തീരുമാനം എടുത്തിട്ടുണ്ടോ; | സി | ഈ വർഷവും ഇത്തരം കോളേജുകൾ തുടങ്ങുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ വർഷം 5 എഞ്ചിനീയറിംഗ് കോളേജുകളും 5 ആർക്കിടെക്ച്ചർ കോളേജുകളും ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| ഡി | എ.ഐ.സി.ടി.ഇ. അംഗീകാരമില്ലാത്ത എഞ്ചിനീയറിംഗ് കോളേജുകളുമായി സർക്കാർ കരാർ ഒപ്പുവച്ചിട്ടുണ്ടോ; ഇത്തരം കോളേജുകൾക്ക് സീറ്റ് പങ്കുവെയ്ക്കൽ കരാറിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | ഡി | എ.ഐ.സി.ടി.ഇ. -യുടെ അംഗീകാര മില്ലാത്ത എഞ്ചിനീയറിംഗ് കോളേജു കളുമായി സർക്കാർ കരാർ ഉണ്ടാക്കിയിട്ടില്ല. അത്തരം കോളേജുകളെ അലോട്ടമെന്റിൽ ഉൾപ്പെടുത്തുകയുമില്ല. |
| ഇ | അംഗീകാരമില്ലാത്ത കോളേജുകൾക്ക് അലോട്ട്മെന്റ് നൽകാനുള്ള തീരുമാനം ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സംരക്ഷണം ലഭിക്കില്ല എന്ന സുപ്രീം കോടതിവിധിയുടെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ | അംഗീകാരമില്ലാത്ത കോളേജുകൾക്ക് അലോട്ട്മെന്റ് നൽകാൻ തീരുമാനിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| എഫ് | നിലവാരത്തകർച്ച നേരിടുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടണമെന്ന ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ പുതിയ കോളേജുകളും സീറ്റ് അലോട്ട്മെന്റുകളും നൽകാനുള്ള തീരുമാനം പുന:പരിശോധിക്കാൻ തയ്യാറാകുമോ ? | എഫ് | നിലവാരം കുറഞ്ഞ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ച് പൂട്ടണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടില്ല. എന്നാൽ നിലവാരം കുറഞ്ഞ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും അല്ലാത്ത പക്ഷം പ്രസ്തുത കോളേജുകൾ അടച്ചുപൂട്ടുന്ന കാര്യം സർക്കാർ പരിഗണിക്കേണ്ടതാണെന്നും ബഹു. കോടതി നിരീക്ഷിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വിജയശതമാനം കുറഞ്ഞ കോളേജുകൾക്ക് പുതിയ ബി.ടെക് കോഴ്സുകളും സീറ്റ് വർദ്ധനവും അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 2013-14 അദ്ധ്യയന വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നെങ്കിലും 09-04-2013 -ലെ ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആയത് പിൻവലിച്ചിട്ടുണ്ട്. 2015-16 -മുതൽ വിജയശതമാനം വളരെക്കുറഞ്ഞ എഞ്ചിനീയറിഗ് കോളേജുകൾക്ക് തുടർ അംഗീകാരം നൽകുന്നതല്ല. |

Reeth

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2012

| Sl. No. | Name of College |
|---|---|
| 1 | Ahalia School of Engineering and Technology, Kozhippara. P.O, Palakkad |
| 2 | North Malabar Institute of Technology, Nelliadukkom. P.O, Parkalai, Anandasramam, Kanhangad, Kasaragod |
| 3 | KVM College Engineering and IT, kokkothamangalam. P.O, Cherthala |
| 4 | Aryanet Institute of Technology, Vadakkentekadu. P.O, Vellikkad, Mundur, Palakkad |
| 5 | Mookambika Technical Campus, Eattappilly. P.O, Muvattupuzha, Ernakulam |
| 6 | ILM College of Engineering and Technology, Teechno Village, Methala, Keezhillam. P.O, Perumbavoor |
| 7 | Cochin College of Engineering and Technology, Valiyaparambu, Edayur, Valanchery, Malappuram |
| 8 | Cochin Institute of Science and Technology, Etapilly, Mannathur. P.O, Muvattupuzha, Ernakulam |
| 9 | M. Dasan Instiute of Teechnology, Ulliyeri. P.O, Kozhikode, Kerala |
| 10 | IES College of Architechture, Chittilappally |
| 11 | Sneha College of Architechture, Govindapuram, Palakkad |

സെക്ഷൻ ഓഫീസർ